പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 358 27.09.2011-ൽ മറുപടിയ്ക്ക്

ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി .

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പൂർത്തിയാക്കിയ വൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പൂർത്തിയാക്കിയ വൈദ്യുത പദ്ധതികൾ ഒന്നുംതന്നെയില്ല. |
| (ബി) ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിൻെറ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (ബി) ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് വേണ്ടി പ്രത്യേകമായി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. എന്നിരുന്നാലും ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതിയിലേയ്ക്കുള്ള സന്ദർശകരുടെ എണ്ണത്തിൽ വമ്പിച്ച വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2006ൽ 69,603 ആയിരുന്ന സന്ദർശകരുടെ എണ്ണം 2007ൽ 1,09,445ഉം, 2008ൽ 1,36270ഉം, 2009ൽ 1,70,207ഉം, 2010ൽ 2,19,124 ആയി വർദ്ധിച്ചിരിക്കുന്നത് പദ്ധതിയുടെ ശ്രദ്ധേയമായ പുരോഗതിയെ സൂചിപ്പിക്കുന്നു. |
| (സി) ബാണാസുരസാഗർ അണക്കെട്ടിനു സമീപത്തെ പാർക്ക് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) ബാണാസുരസാഗർ അണക്കെട്ടിൻെറ സുരക്ഷയ്ക്കും പദ്ധതി പ്രദേശത്തിൻെറ പരിസ്ഥിതിയ്ക്കും കോട്ടം തട്ടാത്തവിധത്തിൽ ഘട്ടംഘട്ടമായി അണക്കെട്ടിനുസമീപത്തെ പാർക്ക് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.